**B**

# പാദവാർഷിക മൂല്യനിർണയം - 2016

## മലയാളം - I

## (കേരളപാഠാവലി)

സ്റ്റാന്റേർഡ് : X

സമയം : 1½ മണിക്കൂർ

സ്കോർ : 40

**നിർദേശങ്ങൾ**

- ആദ്യത്തെ പതിനഞ്ച് മിനുട്ട് സമാശ്വാസസമയമാണ്. ചോദ്യങ്ങൾ വായിക്കുന്നതിനും ഉത്തരം ക്രമപ്പെടുത്തുന്നതിനും ഈ സമയം വിനിയോഗിക്കേണ്ടതാണ്.
- ചോദ്യങ്ങളും നിർദേശങ്ങളും ശരിയായി വായിച്ചു മനസ്സിലാക്കി ഉത്തരം എഴുതുക.
- ഉത്തരമെഴുതുമ്പോൾ സ്കോർ, സമയം എന്നിവ പരിഗണിക്കണം.

1. പട്ടിക ക്രമപ്പെടുത്തുക 4

| വരികൾ/സന്ദർഭം | കഥാപാത്രം | കൃതി |
|---|---|---|
| "ഭോഗങ്ങളെല്ലാം ക്ഷണപ്രഭാചഞ്ചലം വേഗേന നഷ്ടമാമായുസ്സുമോർക്ക നീ." | കണ്ടുണ്ണി | ........................ |
| "ഞാൻ ഇന്നു വരുമെന്ന് ഉമ്മ എങ്ങനെ അറിഞ്ഞു?" | സുധീർ | അമ്മ |
| "ഞാൻ മുൻകൂട്ടി വരേണ്ടതായിരുന്നു." | ശ്രീരാമൻ | കടൽത്തീരത്ത് |
| "അപ്പാ, എന്നെ തൂക്കിക്കൊല്ലാൻ സമ്മതിക്കരുതേ....." | ........................ | അധ്യാത്മരാമായണം കിളിപ്പാട്ട് |

2. അടിവരയിട്ട പദത്തിന്റെ അർഥവ്യത്യാസം കുറിക്കുക.
   മിസ്സിസ് തലത്ത് ഓർമ്മകളുടെ ഓളക്കുത്തിലേക്കു <u>വഴുതിവീഴുകയായിരുന്നു.</u>
   അയാൾ പുഴയിലേക്കു <u>വഴുതിവീഴുകയായിരുന്നു.</u> 1

3. രാജധർമ്മത്തെപ്പറ്റി ഭാരതീയർക്കുണ്ടായിരുന്നു <u>ഉജ്ജ്വലാദർശങ്ങൾ</u> ഈ കാവ്യത്തിൽ ഉടനീളം പ്രകാശിച്ചു നിൽക്കുന്നു. അടിവരയിട്ടിരിക്കുന്ന പദം വിഗ്രഹിച്ചെഴുതുക. 1

4. "അപരിചിതന്റെ സംഭാഷണം ഒരു കൊലക്കയറിനെപ്പോലെ വെള്ളായിയപ്പന്റെ കഴുത്തിൽ ചുറ്റിമുറുകി." ഈ പ്രയോഗം സന്ദർഭത്തിനു നൽകുന്ന ഭാവതീവ്രത വ്യക്തമാക്കുക. 2

**5 മുതൽ 10 വരെയുള്ള ചോദ്യങ്ങളിൽ ഏതെങ്കിലും അഞ്ചെണ്ണത്തിനു മാത്രം ഉത്തരമെഴുതുക**

**(5 x 4 = 20)**

5. "വാളും ബയണറ്റും കൈവിലങ്ങുകളും ഭിത്തിയിൽ കിടന്ന് ഭീകരതയോടെ മിന്നുന്നുണ്ടായിരുന്നു. അതിന്റെ കഠിനമായ തിളക്കവും സ്റ്റേഷനിൽ നിന്നിരുന്ന പോലീസുകാരുടെ ക്രൂരമുഖഭാവവും എന്നെ വല്ലാതെ പേടിപ്പെടുത്തി. നരകത്തിന്റെ ഒരു ഓർമ്മയാണ് എനിക്ക് വന്നത്."
   'നരകത്തിന്റെ ഒരു ഓർമ്മ' എന്ന പ്രയോഗത്തിന്റെ ഔചിത്യം വിലയിരുത്തുക. (അരപ്പുറം)

6. "കൃശമായ ശരീരം. നെറ്റിയിൽ ഭസ്മക്കുറി. കഴുത്തിൽ രുദ്രാക്ഷമാല"..................
   സ്വീകരണമുറിയിലും ക്ലബ്ബിലും നാടകശാലകളിലും ഉന്മേഷഭരിതയായി പറന്നുനടന്ന മിസ്സിസ് തലത്തിന് വന്നുചേർന്ന എന്തെല്ലാം മാറ്റങ്ങളാണ് മുകളിൽ കൊടുത്ത അവരുടെ സംഭാഷണങ്ങളിൽ പ്രതിഫലിക്കുന്നത്? കഥാപാത്രത്തെ നിരൂപണം ചെയ്ത് കുറിപ്പ് തയാറാക്കുക. (അരപ്പുറം)

7. ചുവടെ കൊടുത്ത വരികൾ വിശകലനം ചെയ്തു ജീവിതദർശനങ്ങൾ അവതരിപ്പിക്കുന്നതിന് കവി സ്വീകരിച്ച സാദൃശ്യകല്പനകൾ എത്രമാത്രം സമർഥമാണ്? വിലയിരുത്തുക.
   - വഹ്നിസന്തപ്തലോഹസ്ഥാംബുബിന്ദുനാ
     സന്നിഭം മർത്ത്യജന്മം ക്ഷണഭംഗുരം
   - നദ്യാമൊഴുകുന്ന കാഷ്ഠങ്ങൾ പോലെയു-
     മെത്രയും ചഞ്ചലമാലയസംഗമം

8. "പ്രാണനോടുമൊരുനാൾ ഭവൽപദം
   കാണുവാൻ ചിരമഹോ! കൊതിച്ചു ഞാൻ
   കേണുവാണിവിടെ; യേകുമർഥിയാം
   പ്രാണിതൻ പ്രിയമൊരിക്കലീശ്വരൻ."

- നളിനിക്ക് ദിവാകരനോടുള്ള സ്നേഹത്തിന്റെ സ്ഥിരത വെളിവാക്കുന്ന സവിശേഷ പ്രയോഗങ്ങൾ കണ്ടെത്തി വിവരിക്കുക. (അരപ്പുറം)

9. • "കാരണവരേ, കട്ടാൻ മതി, ജയിലിലെത്തിച്ചേരാം."
   • "എങ്ങട്ടാ ഈ രാവിലെ?"

   വെള്ളായിയപ്പൻ വെങ്ങി. ഒരു കുട്ടിയുടെ നിസ്സഹായതയോടെ അയാൾ പാറാവുകാരന്റെ മുമ്പിൽ നിന്നു.

   - വെള്ളായിയപ്പനോടുള്ള നാഗരികസമൂഹത്തിന്റെ ഈ മനോഭാവത്തോടുള്ള നിങ്ങളുടെ പ്രതികരണമെന്ത്? കുറിപ്പ് തയാറാക്കുക. (അരപ്പുറം)

10. "അനുകരണം അഭിനന്ദനത്തിന്റെ ശരിയായ രൂപമാണെങ്കിൽ, ഈ ചെറുകാവ്യത്തിന് ലഭിച്ചത്ര അഭിനന്ദനം, കാളിദാസന്റെയെന്നല്ല, മറ്റൊരു കവിയുടെയും മറ്റൊരു രചനയ്ക്കും ലഭിച്ചിട്ടുണ്ടാവില്ല." (മേഘസന്ദേശത്തെക്കുറിച്ച് എൻ.വി.കൃഷ്ണവാരിയർ)

    - ഈ വാക്യത്തിലെ അടിവരയിട്ട പ്രയോഗം നൽകുന്ന അർഥസാധ്യതകൾ കണ്ടെത്തി കുറിപ്പു തയാറാക്കുക. (അരപ്പുറം)

11. • പക്ഷേ, സ്നേഹം പഞ്ചേന്ദ്രിയപരം മാത്രമായിരിക്കരുത് എന്നും ഭോഗത്തിലല്ല, ത്യാഗത്തിലാണ് സ്നേഹത്തിന്റെ പരിപൂർണതയെന്നും അദ്ദേഹം വിശ്വസിച്ചു."
    (കാളിദാസൻ - ഡോ.എൻ.വി. കൃഷ്ണവാരിയർ)
    • "വത്സ! സൗമിത്രേ! കുമാര! നീ കേൾക്കണം
    മത്സരാദ്യം വെടിഞ്ഞെന്നുടെ വാക്കുകൾ." - (ലക്ഷ്മണസാന്ത്വനം)
    • "ഞാൻ ചെല്ലാതിരുന്ന ഓരോ രാത്രിയും അമ്മ ഉറക്കമിളച്ച് എന്റെ വരവും കാത്തിരുന്നു!" - (അമ്മ)

    മുകളിൽ കൊടുത്തിരിക്കുന്ന സൂചനകളും പാഠഭാഗത്തിൽ നിന്നുള്ള പ്രസക്തമായ ആശയങ്ങളും ഉൾപ്പെടുത്തി 'ത്യാഗവും സ്നേഹവും - മലയാള സാഹിത്യകൃതികളിൽ' എന്ന വിഷയത്തിൽ ഉപന്യാസം തയാറാക്കുക. (ഒരുപുറം)

**അല്ലെങ്കിൽ**

- നീയോ സുധീർ ! നീ......... നീ......... ഇവിടെ....... ഇപ്പോൾ.
- മകനേ, ഞങ്ങക്കു നിന്നെ ഒന്നു കാണണം.
- രണ്ടു വാക്കുകൾ മാത്രം. രണ്ടു വാക്കുകൾക്കിടയ്ക്ക് ദുഃഖത്തിൽ, മൗനത്തിൽ, അച്ഛനും മകനും അറിവുകൾ കൈമാറി.
- അൻപുതരുമന്യരൊടു ബന്ധ, മാബന്ധങ്ങൾ
  നൺപെന്ന മഹിതസൗഭാഗ്യം

ഈ സൂചനകളുടെ കൂടി അടിസ്ഥാനത്തിൽ 'കുടുംബബന്ധങ്ങളിലെ ഊഷ്മളത' എന്ന വിഷയത്തിൽ ഒരു എഡിറ്റോറിയൽ തയാറാക്കുക. (ഒരുപുറം) 6

12. കവിതയുടെ ആശയം, സമകാലികപ്രസക്തി, മറ്റ് ആസ്വാദനാംശങ്ങൾ മുതലായവ പരിഗണിച്ച് ആസ്വാദനക്കുറിപ്പ് തയാറാക്കുക. (ഒരുപുറം)

**പാഠം ഒന്ന് - സ്വാതന്ത്ര്യം**

തെളിച്ചമുള്ള ഒരു മുഖമെങ്കിലും കാണണേ
ഉശിരുള്ള ഒരു ചലനമെങ്കിലും ഉണ്ടാവണേ
എന്നു കരുതിയാണ്
ഓരോ വട്ടവും മൃഗശാല കാണാൻ പോവുക
എങ്കിലും,
അതേ മന്ദിച്ച കിടപ്പുകൾ
എവിടേക്കുമല്ലാത്ത ചില കുറുകിയ നടത്തകൾ,
മിക്കവാറും നിലച്ച ചില ഇഴച്ചിലുകൾ
ഉയരം കുറഞ്ഞ പറക്കലുകൾ
പഴക്കം വന്ന വീർപ്പുകൾ
ചത്ത നോട്ടങ്ങൾ
കണ്ട് തിരിച്ചു പോരും.
ഇത്തവണയാണ് ശ്രദ്ധിച്ചത്
മൃഗശാലയിൽ
മറ്റു ചിലർകൂടിയുണ്ട്,
അവിടത്തെ രജിസ്റ്ററിൽ
ഇല്ലാത്തവ:
കൊമ്പിൽനിന്നു
കൊമ്പിലേക്കു കുതിക്കുന്ന
അണ്ണാൻ
ആകാശത്തോളം ചെല്ലുന്ന
കാക്ക
പാട്ടെറിഞ്ഞ് പോകും
കുയിൽ
ഊയലാടുന്ന
പച്ചിലപ്പാമ്പുകൾ.........
അവർ
കൂട്ടിലെ സിംഹത്തിനും
കമ്പിവേലിക്കകത്തെ കിളികൾക്കും
പാഠം ഒന്ന് - സ്വാതന്ത്ര്യം എന്നു
സോദാഹരണം
ക്ലാസെടുക്കുന്നത്
കണ്ടുനിന്നു.

- വീരാൻകുട്ടി

6